DESPATCHED
On.30/11/21...



18/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.452(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3884/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. അനിൽ കുമാർ കെ.,<br>ആനന്ദ ഭവനം,<br>വിളക്കുടി പി.ഒ.,<br>കുന്നിക്കോട്, കൊല്ലം-691508 | അപ്പീൽ ഹർജിക്കാരൻ |
| Vs | |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസി. എക്സി. എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>പത്തനാപുരം<br><br>2. അപ്പീൽ അധികാരി &<br>എക്സി. എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ ഡിവിഷൻ,<br>പുനലൂർ, കൊല്ലം-691333 | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.11.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 05.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 12.11.2021, പുനലൂർ |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അനിൽകുമാർ കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ 11.11.2020 ൽ ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ടി മറുപടിയിൽ അപ്പീൽ അധികാരി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാന്റെ അപേക്ഷ ഇലക്ട്രിക്കൽ സെക്ഷൻ പത്തനാപുരം വിളക്കുടി പിറവത്തൂർ സെക്ഷനിലേക്ക് അയച്ചു നൽകിയതായി കാണുന്നു. മറുപടി ലഭ്യമാക്കാത്തതിനാൽ ടിയാൻ 21.01.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ഒന്നാം എതിർകക്ഷി 11.11.2020 ൽ ടിയാന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്ന് അപ്പീൽ അധികാരി 08.02.2021 ൽ അറിയിച്ചതായി കാണുന്നു.

RIGHT TO INFORMATION

3. ഒന്നാം എതിർകക്ഷി 05.07.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ 15.10.2020 ലെ അപേക്ഷയിന്മേൽ യഥാസമയം ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേലും നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി അയച്ചു നൽകിയിരുന്നുവെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ശേഖരിച്ചിട്ടുള്ളതും ടിയാന് അയച്ചു കൊടുത്തുവെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 10.11.2020 തീയതി ടിയാന്റെ അപേക്ഷ ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് അയച്ചു നൽകിയതായി 11.11.2020 ൽ ടിയാനെ അറിയിച്ചതായി കാണുന്നു. ടിയാന്റെ 21.01.2021 ലെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി 08.02.2021 തീയതി മേൽവിവരങ്ങൾ സൂചിപ്പിച്ച് മറുപടി അറിയിച്ചതായും കാണുന്നു. 11.11.2020 ൽ വിവരാവകാശ അപേക്ഷക്ക് നൽകിയ മറുപടിയിലും 08.02.2021 ൽ അപ്പീൽ അധികാരി നൽകിയതായി കാണുന്ന മറുപടിയിലും വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. വിവരം നൽകിയ ഓഫീസിന്റെ സീൽ, വിവരം നൽകിയ ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേര്, ഫോൺ നമ്പർ, മെയിൽ-ഐഡി ഇവയൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. അറ്റസ്റ്റ് ചെയ്തു നൽകിയതായും കാണുന്നില്ല. വിവരാവകാശ നിയമപ്രകാരം വിവരം നൽകുമ്പോൾ ഈ തെറ്റുകൾ മേലിൽ ആവർത്തിക്കപ്പെടാൻ പാടില്ലാത്തതാണ്

എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി മൊഴി നൽകിയത് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം 02.12.2020, 03.12.2020 എന്നീ തീയതികളിലായി ലഭ്യമാക്കിയിട്ടുണ്ടെന്നാണ്. 12.11.2021 ൽ നടന്ന ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഒന്നാം എതിർകക്ഷി ഹർജിക്കാരന് വിവരങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp